മാർക്കറ്റ്			
61.16	↓ സെൻസെക്സ്	33856.78	
5.45	↑ നിഫ്ടി	10426.85	

സ്വർണം	
പവൻ (8ഗ്രാം)	22,520
ഒരു ഗ്രാം	2815

എൽ.ഒ.യു സമ്പ്രദായത്തിന് റിസർവ് ബാങ്കിന്റെ പൂട്ട്

മുംബയ്: ഇന്ത്യൻ ബാങ്കുകളുടെ വിദേശ ശാഖകളിൽ നിന്ന് വായ്പ നേടാൻ വ്യക്തികളെയും കമ്പനികളെയും സഹായിക്കുന്ന ലെറ്റർ ഒഫ് അണ്ടർടേക്കിംഗ് (എൽ.ഒ.യു), ലെറ്റർ ഒഫ് കംഫർട്ട് (എൽ.ഒ.സി) എന്നീ സമ്പ്രദായങ്ങൾ റിസർവ് ബാങ്ക് നിറുത്തലാക്കി. ഓഥറൈസ്ഡ് ഡീലർ (എ.ഡി) കാറ്റഗറി - വൺ ബാങ്കുകൾക്കാണ് നിർദേശം. പഞ്ചാബ് നാഷണൽ ബാങ്കിന്റെ മുംബയ് ശാഖയിൽ നിന്ന് ജീവനക്കാരുടെ ഒത്താശയോടെ വ്യാജ എൽ.ഒ.യു ഉപയോഗിച്ച് വജ്രവ്യാപാരി നീരവ് മോദി 12,700 കോടി രൂപ തട്ടിയ പശ്ചാത്തലത്തിലാണ് റിസർവ് ബാങ്കിന്റെ നടപടി. പി.എൻ.ബി തട്ടിപ്പ് പുറത്തു വന്നതിന് പിന്നാലെ ഒട്ടേറെ ബാങ്കുകൾ എൽ.ഒ.യുവും എൽ.ഒ.സിയും നൽകുന്നത് നിറുത്തിയിരുന്നു.

വിദേശ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രത്യേകിച്ച് ഇറക്കുമതിക്കാരെ നേരിട്ട് ബാധിക്കുന്നതാണ് റിസർവ് ബാങ്കിന്റെ നടപടി. വ്യാപാര വേളകളിൽ ഇവർക്ക് വിദേശ കറൻസികളിൽ വായ്പ ലഭ്യമാക്കുന്ന സമ്പദ്രായങ്ങൾക്കാണ് റിസർവ് ബാങ്കിന്റെ പൂട്ട് വീണത്. അതേസമയം, കൂടുതൽ സുരക്ഷിതവും സുതാര്യവുമായ ലെറ്റർ ഒഫ് ക്രെഡിറ്റ്, ബാങ്ക് ഗ്യാരന്റീ സമ്പ്രദായങ്ങൾ തുടരാമെന്ന് ബാങ്കുകളോട് റിസർവ് ബാങ്ക് വ്യക്തമാക്കിയിട്ടുണ്ട്.

ലെറ്റർ ഒഫ് അണ്ടർടേക്കിംഗ്

ഒരു ബാങ്ക് മറ്റൊരു ബാങ്കിന്റെ വിദേശത്തെ ശാഖയിലേക്ക് നൽകുന്ന ഗ്യാരന്റി പത്രമാണിത്. വിദേശ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഇടപാടുകൾക്കായി വിദേശ കറൻസി ആവശ്യമായി വരും.

ഇവർ ഇന്ത്യൻ ബാങ്കുകളെ സമീപിക്കുമ്പോൾ ലഭിക്കുന്ന ഗ്യാരന്റി പത്രമാണ് ലെറ്റർ ഒഫ് അണ്ടർടേക്കിംഗ് (എൽ.ഒ.യു). വിദേശത്തുള്ള ഇന്ത്യൻ ബാങ്കിന്റെ ശാഖയിൽ ഇത് സമർപ്പിച്ച്, ഇടപാടുകാരന് വിദേശ കറൻസിയിൽ വായ്പ തേടാം. വായ്പയ്ക്ക് ഗ്യാരന്റി നിൽക്കുകയാണ് എൽ.ഒ.യു അനുവദിക്കുന്ന ബാങ്ക് ചെയ്യുന്നത്. 90 ദിവസത്തേക്കാണ് വായ്പ അനുവദിക്കുക. വായ്പാത്തുക മറ്റൊരു ആവശ്യത്തിന് ഉപയോഗിക്കാനും പാടില്ല.

ലെറ്റർ ഒഫ് കംഫർട്ട്

ഇടപാടുകാരന് വ്യാപാര വേളയിൽ വിദേശ കറൻസി ലഭ്യമാക്കാൻ ഒരു ബാങ്ക്, വിദേശത്തെ തങ്ങളുടെ മറ്റൊരു ശാഖയിലേക്ക് നൽകുന്ന ഗ്യാരന്റി പത്രമാണ് ലെറ്റർ ഒഫ് കംഫർട്ട്. എൽ.ഒ.യുവിൽ ഇടപാടുകാരന് വായ്പയാണ് ലഭ്യമാക്കുന്നതെങ്കിൽ, ഇവിടെ വ്യാപാര ഇടപാടിൽ വിദേശ കറൻസി സഹായം നൽകുകയാണ് ബാങ്ക് ചെയ്യുന്നത്. പണത്തിന്റെ പൂർണ ഉത്തരവാദിത്തം ഇവിടെ ബാങ്കിനാണ്.

ലെറ്റർ ഒഫ് ക്രെഡിറ്റ്

അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ഉള്ളതിനാൽ ഏറെ സുരക്ഷിതവും സുതാര്യവുമാണ് ലെറ്റർ ഒഫ് ക്രെഡിറ്റ്. ഇടപാടുകാരൻ ഇറക്കുമതി ചെയ്ത ഉത്പന്നങ്ങളുടെ വിവരങ്ങൾ, വാങ്ങൽ തീയതി, അവയുടെ കാലാവധി അവസാനിക്കുന്ന തീയതി, ഇടപാടിന്റെ വിശദാംശങ്ങൾ തുടങ്ങിയവ ലെറ്റർ ഒഫ് ക്രെഡിറ്റിലുണ്ടാകും. ബാങ്കിംഗ് നെറ്റ്‌വർക്കുമായി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ ഇടപാട് പരിശോധിക്കാനും കഴിയും.

എൽ.ഒ.യുവിൽ ഈ വിശദാംശങ്ങൾ ഉണ്ടാവില്ല. തട്ടിപ്പ് നടത്താൻ നീരവ് മോദിക്ക് സഹായകമായതും എൽ.ഒ.യുവിന്റെ ഈ പഴുതുകളാണ്.

ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് വാർഷികാഘോഷം രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. കെ. രാജൻ എം.എൽ.എ., ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ കെ. പോൾ തോമസ്, ഇസാഫ് കോ-ഓപ്പറേറ്റീവ് ചെയർമാൻ മെറീന പോൾ, ഇസാഫ് സഹ സ്ഥാപകൻ ജേക്കബ് സാമുവൽ, ഇസാഫ് കോ - ഓപ്പറേറ്റീവ് ഡയറക്ടർ അലോക് തോമസ് പോൾ തുടങ്ങിയവർ സമീപം.

ഇസാഫ് മറ്റു ബാങ്കുകൾക്ക് മാതൃക: പി.ജെ. കുര്യൻ

തൃശൂർ: സമൂഹത്തിലെ അസമത്വം ഇല്ലാതാക്കാനും സ്ത്രീ ശാക്തീകരണം ഉറപ്പാക്കാനും മികച്ച പങ്കുവഹിക്കുന്ന ഇസാഫ് രാജ്യത്തെ മറ്റു ബാങ്കുകൾക്ക് മാതൃകയാണെന്ന് രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ പറഞ്ഞു. ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്കിന്റെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബാങ്കുകളിലെ ലക്ഷക്കണക്കിന് വരുന്ന കിട്ടാക്കടത്തിന് കാരണക്കാർ രാജ്യത്തെ അതിസമ്പന്നരാണ്. വാങ്ങിയതുക കൃത്യമായി തിരിച്ചടയ്ക്കുന്നതിൽ മുൻപന്തിയിലുള്ളത് സാധാരണക്കാരാണെന്ന് തെളിയിച്ചത് ഇസാഫാണെന്നും അദ്ദേഹം പറഞ്ഞു.

ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ കെ. പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു. കെ. രാജൻ എം.എൽ.എ., മേയർ അജിത ജയരാജൻ, ഡെപ്യൂട്ടി മേയർ ബീന മുരളി എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. സാമ്പത്തിക അസമത്വം നമ്മുടെ സമൂഹത്തിൽ അസമാധാനം സൃഷ്ടിക്കുകയാണെന്നും പാർശ്വവത്കരിക്കപ്പെട്ട ജനതയ്ക്ക് വേണ്ടിയാണ് ഇസാഫ് നിലകൊള്ളുന്നതെന്നും കെ. പോൾ തോമസ് പറഞ്ഞു.

ചടങ്ങിൽ ഇസാഫ് സൊസൈറ്റിയുടെ 26-ാം സ്ഥാപകദിനവും ആഘോഷിച്ചു. ഇതോടനുബന്ധിച്ച് ജീവനക്കാരെ ആദരിച്ചു. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു. ഇസാഫ് ധൻ കേന്ദ്ര, അടൽ പെൻഷൻ യോജന, ഗൃഹ ജ്യോതി, ഗർഷോം ഇസാഫ് സൗഭാഗ്യ, ഇസാഫ് സബ്സിഡി തുടങ്ങിയ പദ്ധതികളും ചടങ്ങിൽ പുറത്തിറക്കി. മികച്ച കാർഷിക ഉത്പാദക കമ്പനികൾക്ക് കെ. പോൾ തോമസ് അവാർഡുകൾ സമ്മാനിച്ചു.

വിലക്കയറ്റം കുറഞ്ഞു; വ്യവസായം കുതിച്ചു

ന്യൂഡൽഹി: വായ്പാ പലിശനിരക്ക് വർദ്ധന ഉടനുണ്ടാവില്ലെന്ന പ്രതീക്ഷകൾ സജീവമാക്കി ഉപഭോക്തൃവില സൂചിക അടിസ്ഥാനമാക്കിയുള്ള റീട്ടെയിൽ നാണയപ്പെരുപ്പം ഫെബ്രുവരിയിൽ നാല് മാസത്തെ താഴ്ചയായ 4.44 ശതമാനമായി കുറഞ്ഞു. ഡിസംബറിൽ ഇത് 5.21 ശതമാനവും ജനുവരിയിൽ 5.07 ശതമാനവുമായിരുന്നു. 2017 ഫെബ്രുവരിയിൽ ഇത് 3.88 ശതമാനമായിരുന്നു. റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കുകൾ പരിഷ്കരിക്കാൻ പ്രധാനമായും പരിഗണിക്കുന്നത് റീട്ടെയിൽ നാണയപ്പെരുപ്പമാണ്.

നാണയപ്പെരുപ്പം നാല് ശതമാനത്തിൽ നിലനിറുത്തുകയാണ് റിസർവ് ബാങ്കിന്റെ ലക്ഷ്യം. നാണയപ്പെരുപ്പം കുത്തനെ കുറഞ്ഞതിനാൽ അടുത്തമാസം പ്രഖ്യാപിക്കുന്ന ധനനയത്തിൽ റിസർവ് ബാങ്ക് പലിശനിരക്ക് വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത വിരളമായി. ഭക്ഷ്യവിലപ്പെരുപ്പം 4.7 ശതമാനത്തിൽ നിന്ന് 3.26 ശതമാനമായി കുറഞ്ഞത്, നാണയപ്പെരുപ്പം താഴാൻ സഹായകമായി. ജനുവരിയിൽ വ്യാവസായിക ഉത്പാദനം ഡിസംബറിലെ 7.1 ശതമാനത്തിൽ നിന്ന് 7.5 ശതമാനത്തിലേക്ക് കുതിച്ചുയർന്നതും സാമ്പത്തിക ലോകത്തിന് ആശ്വാസമായി. 2017 ജനുവരിയിൽ വളർച്ച 3.5 ശതമാനമായിരുന്നു.

സൂചികയിൽ 77.63 ശതമാനവും സംഭാവന ചെയ്യുന്ന മാനുഫാക്ചറിംഗ് മേഖല 2.5 ശതമാനത്തിൽ നിന്ന് 8.7 ശതമാനത്തിലേക്ക് വളർച്ച മെച്ചപ്പെടുത്തിയത് വ്യാവസായിക ഉത്പാദനം കുതിക്കാൻ വഴിയൊരുക്കി.

ബെർലിൻ ടൂറിസം മേളയിൽ മികച്ച പവലിയനുള്ള പുരസ്കാരം ഇന്ത്യാ ടൂറിസത്തിനുവേണ്ടി കേന്ദ്ര ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനം ഏറ്റുവാങ്ങുന്നു.

ബെർലിൻ ടൂറിസം മേളയിൽ ഇന്ത്യയ്ക്ക് അവാർഡ്

ന്യൂഡൽഹി: ജർമ്മനിയിലെ ബെർലിനിൽ നടന്ന അന്താരാഷ്ട്ര ടൂറിസം വ്യാപാര മേളയിലെ മികച്ച പവലിയനുള്ള പുരസ്കാരം ഇന്ത്യയ്ക്ക് ലഭിച്ചു.

ആദ്യമായാണ് ഇന്ത്യ ലോക പ്രശസ്ത ടൂറിസം മേളയിലെ പവലിയൻ അവാർഡ് നേടുന്നതെന്ന് കേന്ദ്ര ടൂറിസംമന്ത്രി അൽഫോൺസ് കണ്ണന്താനം പറഞ്ഞു. മേളയിൽ അവതരിപ്പിച്ച യോഗ അടിസ്ഥാനമാക്കിയുള്ള 'യോഗി ഓൺ ദി റൈസ് ട്രാക്ക്' എന്ന ഇന്ത്യാ ടൂറിസത്തിന്റെ പുതിയ പ്രചരണത്തിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ഇന്ത്യയിലെത്തി യോഗയിലൂടെ പുതിയ മനുഷ്യനാകുക എന്നതാണ് പദ്ധതിയുടെ ആശയം. രാജ്യത്ത് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം 15.6 ശതമാനം വർദ്ധനയുണ്ടായി. നടപ്പു സാമ്പത്തിക വർഷം ഒരു കോടി വിദേശ ടൂറിസ്റ്റുകൾ ഇന്ത്യയിലെത്തി.

ഇതുവഴി 2,700 കോടി ഡോളർ വരുമാനമുണ്ടായി. ഇത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 6.88 ശതമാനമാണ്. 4.3 കോടി തൊഴിലവസരങ്ങളും സൃഷ്ടിച്ചു. 163 രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഇ-വിസാ സൗകര്യമുള്ളത് ടൂറിസത്തിന് ഗുണം ചെയ്തു. രാജ്യത്ത് ടൂറിസം മേഖലയിൽ തമിഴ്നാടാണ് മികച്ച മുന്നേറ്റം നടത്തുന്നത്. മഹാരാഷ്ട്രയും ഉത്തർപ്രദേശുമാണ് തൊട്ടു പിന്നിൽ. കേരളം എട്ടാമതാണ്.

SCRIP	BSE	NSE
ABB	1406.050	1410.800
ACC	1575.850	1575.350
AMARAJA	801.100	801.950
ANDHARA BANK	39.450	39.500
APOLLOTYRE	264.600	264.550
APPOLOHOS	1097.600	1095.900
ARVINDMILL	399.600	399.750
ASHOKLEY	150.000	149.900
ASIANPNT	1137.800	1140.300
AVAYA GLOBAL	0.000	114.350
AVTNPL	39.700	39.850
AXISBANK	530.800	531.500
BAJAJAUTO	2974.150	2971.750
BALAJITELE	136.300	137.050
BANKOFBARODA	141.400	141.550
BATAIND	715.200	715.350
BEML	1109.550	1106.600
BFLSOFT	849.550	849.800
BHARTI	425.900	426.300
BHEL	86.800	86.900
BIOCON	602.100	603.800
BOI	102.200	102.150
BOMBDYE	244.300	244.800
BPCL	465.300	466.650
BPL	88.950	89.100
BRITANNIA	4865.400	4869.950
BSES	449.800	451.650
CANARABANK	252.150	252.000
CEAT	1596.600	1598.200
CENTURY TEXT	1211.950	1214.600
CHENNAIPETRO	367.900	367.750
CIPLA	578.450	578.750
COLGATE	1043.200	1044.900
CORPBNK	30.000	29.750
CROMPGREV	82.250	82.250
D-LINK	90.850	90.650
DABUR	325.200	325.150
DENABANK	19.350	19.400
DIVIS LAB	1035.450	1035.450
DRREDDY	2181.400	2181.500
DWARKESH SUGAR	29.150	29.000
EIHOTEL	169.000	169.250
ENGGINDIA	167.350	167.100
ESCORTS	854.200	854.400
FEDERALBNK	96.300	96.350
FINLXCABLE	708.250	709.550
GAIL	455.850	455.950
GARDEN SILK	34.600	34.550
GEOJIT	101.350	101.600
GESHIPP	357.800	359.050
GLAXO	2264.800	2269.300
GLENMARK	538.400	538.150
Globus Spirits Ltd	122.500	122.950
GNFC	416.150	416.800
GODREJS	1090.650	1092.450
GRASIM	1109.700	1109.200
GUJAMBCEM	239.200	238.800
HCLINFO	54.800	54.650
HDFC	1863.250	1868.500
HDFCBNK	1859.900	1860.250
HEROHONDA	3701.300	3701.200
HINDALCO	225.950	226.150
HINDLEVER	1317.750	1320.550
HINDUJAFUN	739.450	732.900
HMCHLFUT	27.600	27.600
HPCL	383.300	382.950
I-FLEX	3921.850	3932.100
ICICIBANK	304.000	304.350
IDBI	67.000	67.250
INDHOTEL	130.050	130.000
INDIACEM	150.350	150.500
INDITRADE	69.200	0.000
INFOSYS	1180.550	1183.800
INFOTECH ENT	625.300	628.200
IOB	18.300	18.200
IOC	407.900	407.850
ITC	268.650	269.450
KALECONSULT	1348.150	1342.800
KARUR VYSYA BANK	102.200	102.150
KOTAKM	1084.550	1083.900
L&T	1302.150	1302.750
LICHSGFIN	512.750	513.050
LUPINCHEM	780.850	780.600
LYKALAB	50.250	50.500
M&M	733.000	733.000
MAHABANK	15.050	15.000
Mahindra Holidays	297.700	296.850
MARUTI	8753.500	8756.050
MAXIND	471.650	471.350
MCDOWEL	3078.750	3081.400
MRF	71692.900	71717.300
MTNL	20.050	20.050
MUKTAARTS	67.000	67.050
NAICHOLAS	2482.050	2481.900
NEYBELI	96.400	96.450
NHPC Ltd	27.000	27.000
NIIT	89.050	89.350
NTPC	169.400	169.400
OBC	95.400	95.500
Oil India Ltd (OIL)	329.600	327.200
ONGC	183.400	183.600
ONWARDTECI	96.700	95.800
PANACEABIO	286.300	284.250
PETRONET	238.750	239.350
PFIZER	2176.700	2185.450
Pipavav Shipyard	35.800	35.950
POLARIS	471.550	472.250
PRYACEM	394.100	394.650
PTC	94.500	94.650
RAMCOSYS	418.000	417.200
RELCAP	438.300	438.550
RELIANCE	930.600	931.850
ROLTA	62.900	63.000
SARIGAMA	691.800	690.000
SBI	254.900	254.700
SCI	64.350	64.300
SIB	25.150	25.100
SIEMENS	1118.800	1118.950
SKFBEAR	1739.550	1729.700
SMITHKLC	6620.650	6625.450
STROPTICAL	347.450	348.300
SUNPHARMA	522.900	523.300
SYNDIBANK	57.700	57.750
Tata Communications	631.500	634.050
TATACHEM	690.250	691.250
TATAELXSI	1011.300	1010.700
TATATEA	277.600	278.200
TCS	2892.450	2886.800
TELCO	353.750	353.150
THERMAX	1160.900	1159.500
THMCOOK	261.850	262.000
TIPSINDIA	100.500	100.850
TISCO	628.300	628.850
TITANIND	849.550	851.950
TRIGYNTECH	132.850	133.400
UCOBANK	23.850	23.800
UNICHEMLAB	339.000	340.350
VESUVIUS	1251.150	1251.050
Vguard	237.950	237.700
VOLTAS	639.550	639.750
WIPRO	295.550	296.600
WONDERLA	357.400	357.950
ZEETELE	578.150	579.150

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	64.95	64.86
യൂറോ	80.12	80.03
പൗണ്ട്	90.18	90.06
സ്വിസ് ഫ്രാങ്ക്	68.54	68.43
സിംഗപ്പൂർ ഡോളർ	49.45	49.38
ആസ്ട്രേലിയ ഡോളർ	51.08	51.01
കനേഡിയൻ	50.48	50.39
ബഹ്റിൻ ദിനാർ	172.79	
കുവൈറ്റ് ദിനാർ	216.91	
ഒമാനി റിയാൽ	169.26	
സൗദി റിയാൽ	17.37	
യു. എ. ഇ. ദിർഹം	17.74	
ഖത്തർ റിയാൽ	17.89	

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	18,800
വെളിച്ചെണ്ണ	17,300
കൊപ്ര	11,600-12,300
പിണ്ണാക്ക്എക്സ്പെല്ലർ	2600
പിണ്ണാക്ക്റോട്ടറി	2800
കുരുമുളക്	
ചേറ്റാത്തത്	37,100
കുരുമുളക് പുതിയത്	35,600
കുരുമുളക്ചേറ്റിയത്	39,100
ചുക്ക്മീഡിയം	12,500
ചുക്ക്ബെസ്റ്റ്	13,500
മഞ്ഞൾ	11,500
സേലം-ഈറോഡ്	8300-8700
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	20,000-21,000
അടയ്ക്കപഴയത്	ഇല്ല
പഞ്ചസാര	3560
വറ്റൽമുളക്	9000-15,000
ഉഴുന്ന്	6500-7000
ചെറുപയർ	6500-7300
കടല	5,500-6,500
മുതിര	4100
എള്ള്	11,000
മല്ലി	6,300-9,000
പച്ചരി നമ്പർ-2	2400-3150
പുഴക്കലരി(ജയ)	3700-3750
ജാതിക്കതൊണ്ടൻ	170-180
തൊണ്ടില്ലാത്തത്	340-350
ജാതിപത്രി	500-525
ഗ്രാമ്പു	670
പാംഓയിൽ	7450
പൈനാപ്പിൾ	
പച്ച	21.00
പച്ച (സ്പെഷ്യൽ)	22.00
പഴം	20.00
റബർ	
ആർഎസ്എസ്4	12,500
ആർഎസ്എസ്-5	11,800-12,300
ഒട്ടുപാൽ	8600
ലാറ്റക്സ്	8600
ആലപ്പുഴ	
വെളിച്ചെണ്ണ	19700
പിണ്ണാക്ക്	3000
കൊപ്ര	13000
,,	13050
,,	13100
കോട്ടയം	
കമ്പോളനിലവാരം	
വ്യാപാരി വില	
ആർ.എസ്.എസ്4	122.50
ആർ.എസ്.എസ്5	120.50
തരംതിരിക്കാത്തത്	111.50, 111.00
ഒട്ടുപാൽ	75.00
റബർ ബോർഡ്	
ആർ.എസ്.എസ്4	12550
ആർ.എസ്.എസ്5	12300
തരംതിരിക്കാത്തത്	11600
ഒട്ടുപാൽ	8610
ബാങ്കോക്ക്	
ആർ.എസ്.എസ്1	11606
ആർ.എസ്.എസ്2	11482
ആർ.എസ്.എസ്3	11367
ആർ.എസ്.എസ്4	11305
ആർ.എസ്.എസ്5	11212
കോലാലമ്പൂർ	
(ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	9516 (146.35)
60% ലാറ്റക്സ്	8170(125.65)
വെളിച്ചെണ്ണ	19500
കൊപ്ര	13600
ശർക്കര (മറയൂർ)	6000
ശർക്കര (പാണ്ടി)	4600
തൃശൂർ	
മാർക്കറ്റ്	
വെളിച്ചെണ്ണ	18000
കൊപ്ര	11890
തേങ്ങപിണ്ണാക്ക്	2700
എള്ളിൻപിണ്ണാക്ക്	3450
നല്ലെണ്ണ	2250
കടലെണ്ണ	2200
അടയ്ക്ക കൊക്കാലെ	
പുതിയത്	4000-4300
പഴയത്	4000-4400
രണ്ടാംതരം	2800-3200
അമല	
പുതിയത്	3900-4460
പഴയത്	4000-4590
രണ്ടാംതരം	2600-3300
അടയ്ക്ക പഴഞ്ഞി	
പഴയത്	4000-4500
പുതിയത്	4000-4300
രണ്ടാംതരം	2600-3500
നെടുമങ്ങാട്	
കുരുമുളക് (പഴയത്)	320 (കിലോ)
കൊട്ടപ്പാക്ക്	170(,,)
കൊട്ടപ്പാക്ക് (വരവ്മേനി)	150(,,)
റബ്ബർ	115(,,)
ഒട്ടുപാൽ	72 (,,)
ജാതിക്ക	140(,,)
ജാതിപരിപ്പ്	260(,,)
ജാതിപത്രി	500(,,)
ഗ്രാമ്പു	500(,,)
കാപ്പിപരിപ്പ്	90(,,)
കൊക്കോ	10(,,)
തേങ്ങ	47 (,,)
കശുവണ്ടി	135(,,)
സ്വർണം	
കൊച്ചി(8ഗ്രാം)	22,520
ഒരുഗ്രാം	2815
വെള്ളി	
തിരുവനന്തപുരം	43000
കൊച്ചി	43000

ശാസ്ത്രകൗമുദി

പൈനാപ്പിളിന്റെ 'പവൻ മാറ്റ്'

രുചിയും മണവും കൊണ്ട് ആരെയും കൊതിപ്പിക്കുന്ന പൈനാപ്പിൾ ഗുണത്തിലും കേങ്കേമമാണ്. പൈനാപ്പിളിൽ മധുരം അടങ്ങിയിട്ടുണ്ടെങ്കിലും ഇത് കൊഴുപ്പിനെ കത്തിച്ചുകളയുന്നതിന് കഴിവുണ്ട്. അതുകൊണ്ട് ഭാരം കുറയ്ക്കാൻ ദിവസവും പൈനാപ്പിൾ കഴിക്കുന്നത് ഉത്തമമാണ്.

രക്തം കട്ടപിടിക്കുന്നത് തടയാനുള്ള കഴിവ് പൈനാപ്പിളിനുണ്ട്. ഇതിൽ അടങ്ങിയിട്ടുള്ള ബ്രോമെലൈയിൻ എന്ന എൻസൈം, വേദന ശമിപ്പിക്കും. വിറ്റാമിൻ സി, മാംഗനീസ്, പൊട്ടാസ്യം എന്നിവ കണ്ണുകളിലെ കോശങ്ങൾ നശിക്കുന്നത് തടയും. കണ്ണുകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്ന ബീറ്റാ കരോട്ടിനും ഇതിൽ അടങ്ങിയിട്ടുണ്ട്. രക്തസമ്മർദ്ദവും ഹൈപ്പർ ടെൻഷനും നിയന്ത്രിക്കാൻ സഹായകമാണ്. ചർമ്മ സംരക്ഷണത്തിനും മികച്ച പഴമാണ് പൈനാപ്പിൾ. വിറ്റാമിൻ എ, വിറ്റാമിൻ സി, വിറ്റാമിൻ ഇ, വിറ്റാമിൻ കെ, ധാതുക്കളായ പൊട്ടാസ്യം, കാൽസ്യം, കരോട്ടൻ എന്നിവയും ധാരാളം ആന്റി ഓക്സിഡന്റും പൈനാപ്പിളിലുണ്ട്. ഹൃദ്രോഗം, സന്ധിവാതം, വിവിധ തരം കാൻസർ എന്നിവയെയും ചെറുക്കാൻ സഹായിക്കും.

കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.00 സ്നേക് മാസ്റ്റർ
8.30 ന്യൂസ്ട്രാക്ക്
9.00 വൺ ഷോപ്പി
9.30 ഡ്രീം ഡ്രൈവ്
10.35 ഡേ വിത്ത് എ സ്റ്റാർ
11.35 സാൾട്ട് ആൻഡ് പെപ്പർ
12.35 താരപ്പകിട്ട്
1.35 ഗസ്റ്റ് ടൈം
2.35 ലേഡീസ് അവർ
5.35 സ്വയംവരം
6.00 ഹരിതം സുന്ദരം
6.35 ദേവാമൃതം
8.35 സ്ട്രെയ്റ്റ് ലൈൻ
10.00 താരപ്പകിട്ട്

MEDIMIX
ദേവാമൃതം
Powered by
SEAGULL
MON TO FRI
6:30AM
6:35PM

ഡിഡി മലയാളം
7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്
6.00 വേഴാമ്പൽ
6.30 ശ്രീമുരുകൻ
7.00 വാനമ്പാടി
7.30 കറുത്തമുത്ത്
8.00 പരസ്പരം
8.30 കസ്തൂരിമാൻ
9.00 ഭാര്യ
9.30 കോമഡി സ്റ്റാർഡ് സീസൺ 2

ന്യൂസ്
8.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്
7.30 മാനസവീര
8.00 അക്കരെയാണെന്റെ മാനസം
8.30 മൗനം സമ്മതം

ANIMAL PLANET
06:00am Monster Wars
07:00 Wild Cats
08:00 Animal Planet Exclusives
09:00 Lords of the Jungle
10:00 Animals Unleashed
11:00 Survival Games
12:00 Animals Unleashed
02:00 100 Days 100 Tales
03:30 Survival Games
04:00 Lords of the Jungle
05:00 Wild Cats
06:00 Republic Day Special
08:00 Monster Wars

സിനിമ

ഏഷ്യാനെറ്റ് hd: 9.00 ഒരു ഇന്ത്യൻ പ്രണയകഥ

ഏഷ്യാനെറ്റ് മൂവീസ്: 7.00 സ്വപ്നക്കൂട് 10.00 മന്ത്രമോതിരം 1.00 കിളിച്ചുണ്ടൻ മാമ്പഴം 4.00 വാഴുന്നോർ

ഏഷ്യാനെറ്റ്: 9.00 ഒരു ഇന്ത്യൻ പ്രണയകഥ

ഏഷ്യാനെറ്റ് പ്ലസ്: 12.00 ചാന്തുപൊട്ട്

എസിവി: 9.00 പൂജക്കെടുക്കാത്ത പൂക്കൾ 2.00 വീണമീട്ടിയ വിലങ്ങുകൾ 9.30 അപരിചിതൻ

റോസ്ബൗൾ: 6.00 കോളേജ് ഡേയ്സ്

ജൂക്ക്ബോക്സ്: 6.30 സല്ലാപം

കൈരളി: 1.15 ശിവശക്തി

വി: 12.30 ശക്തി 8.00 മില്ലേനിയം സ്റ്റാർസ്

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 മാർച്ച് 14 ബുധൻ)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
പ്രവർത്തന വിജയം. നീർദോഷങ്ങൾ അലട്ടും. വിശ്രമം ആവശ്യമായിവരും

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
അപര്യാപ്തകൾ മനസിലാക്കും. ശാസ്ത്രീയ വശങ്ങൾ ചിന്തിക്കും. അനുമോദനങ്ങൾ വന്നുചേരും.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
ആത്മസംതൃപ്തി. ആനുകൂല്യങ്ങൾ ലഭിക്കും. സാഹചര്യങ്ങളെ അതിജീവിക്കും

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
പ്രവർത്തനങ്ങളിൽ സജീവം. ചുമതലകൾ വർദ്ധിക്കും. ഗൃഹം മോടിപിടിപ്പിക്കും

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
ദേവാലയദർശനം, ആരോഗ്യ പരിപാലനം, കൂട്ടായ്മയോടെ പ്രവർത്തിക്കും

കന്നി : *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
വിജ്ഞാനം പകർന്നുനൽകും. വ്യവഹാരവിജയം, സാഹചര്യം അനുകൂലമാകും

തുലാം : *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യ പകുതി)*
വിദ്യാവിജയം, പൂർവിക സ്വത്തം ലഭിക്കും, അവിസ്മരണീയ നേട്ടം

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
ആരോഗ്യം വർദ്ധിക്കും, നിർദ്ദേശങ്ങൾ നടപ്പാക്കും, സർവകാര്യവിജയം

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
പുതിയ കരാർ ജോലികൾ പ്രത്യപകാരം ചെയ്യും. യാത്രയിൽ വിജയം

മകരം: *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
കുടുംബത്തിൽ ശാന്തിയും സമാധാനവും, പുതിയ സംരംഭങ്ങൾ തുടങ്ങും, പ്രതിസന്ധികൾ തരണം ചെയ്യും

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
ഉത്സവങ്ങളിൽ നേതൃത്വം. സർവാദരങ്ങൾ ഉണ്ടാകും, ശാരീരിക ക്ഷീണം ഉണ്ടാകും

മീനം : *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്തൃട്ടാതി, രേവതി).*
ഔദ്യോഗിക ഉയർച്ച. സാമ്പത്തിക സഹായം നൽകും, വാഹനം മാറ്റിവാങ്ങും.

- ഗോപകുമാർ ശർമ്മ